# കേരള സർക്കാർ

## സംഗ്രഹം

കോട്ടയം ജില്ലയിലെ ചെമ്പ് ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റുന്നതിന് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ ( ആർ.സി) വകുപ്പ്

G.O.(Rt)No. 3396/2016/LSGD തിരുവനന്തപുരം,തീയതി, 14.12.2016

പരാമർശം:- പഞ്ചായത്ത് ഡയറക്ടറുടെ 29.07.2016 ലെ സി1-17212/2016-ാാാം നമ്പർ കത്ത്

## ഉത്തരവ്

കോട്ടയം ജില്ലയിലെ ചെമ്പ് ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റുന്നതിന് അനുമതി നല്കണമെന്ന് പരാമർശം കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചെമ്പ് ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന 6 മരങ്ങൾ അടിയന്തിരമായി മുറിച്ച് മാറ്റേണ്ട സാഹചര്യവും പഞ്ചായത്ത് തീരുമാനങ്ങളും പരിഗണിച്ച് വാല്യുവേഷൻ തുകയിലും കുറഞ്ഞ ലേലത്തുകയായ 20,045/- രൂപയ്ക്ക് ടി മരങ്ങൾ മുറിച്ച് മാറ്റുവാനുള്ള അനുമതി നൽകിയും ശേഷിക്കുന്ന കാര്യങ്ങൾ വനം വകുപ്പിലെ കോട്ടയം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ അനുമതിയിൽ പറയുംപ്രകാരമുള്ള കാര്യങ്ങൾ നടപ്പിലാക്കാൻ നിർദ്ദേശിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എൻ. വിശ്രുതൻ ആചാരി

ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ചെമ്പ് ഗ്രാമപഞ്ചായത്ത്, കോട്ടയം.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
വനം വന്യജീവി വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ